# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 23**

---

## അഫിലിയേറ്റഡ് കോളജുകളിൽ പിജി, ബിഎഡ്; ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ, ബിഎഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂൺ 26ന് മുൻപ് സർവകലാശാല ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഉറപ്പാക്കണം.

സ്ഥിര പ്രവേശനം എടുക്കുന്നവർ കോളജുകളിൽ നേരിട്ട് എത്തി ട്യൂഷൻ ഫീസ് അടയ്ക്കണം. താത്കാലിക പ്രവേശനത്തിനായി കോളേജുകളിൽ നേരിട്ട് പോകേണ്ടതില്ല.

താത്കാലിക പ്രവേശനം എടുക്കുന്നവർ സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ചശേഷം താത്കാലിക പ്രവേശനം തെരഞ്ഞെടുത്ത് ഓൺലൈനിൽ ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ 26ന് മുൻപ് കോളജുകൾക്ക് നൽകണം.

പ്രവേശനം ഉറപ്പാക്കിയതിന്റെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്താൽ മതിയാകും. ആദ്യ ഓപ്ഷൻ അലോട്ട്മെന്റ് ലഭിച്ചവർ നിർബന്ധമായും സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കാൻ ക്രമീകരണമില്ല.

ജൂൺ 26ന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ/39/1725/2025)

## കമ്യൂണിറ്റി മെറിറ്റ് ക്വാട്ട

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ പിജി, ബിഎഡ് പ്രോഗ്രാമുകളിൽ കമ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പ്രവേശനത്തിനുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിക്ക് മുൻപ് പ്രവേശനം എടുക്കണം.

(പി.ആർ.ഒ/39/1726/2025)

## പരീക്ഷാ ഫലം

എട്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

..................................................

ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി ഫിസിക്സ് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1727/2025)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

പത്താം സെമസ്റ്റർ ബി.ആർക്ക് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ തിസിസ് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾക്ക് ജൂലൈ ഏഴു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ എട്ടു വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1728/2025)

## വൈവ വോസി

നാലാം സെമസ്റ്റർ (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) എംഎ മ്യൂസിക് വയലിൻ, കഥകളി വേഷം പ്രാക്ടിക്കൽ, പ്രൊജക്ട്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷ

കൾ ജൂലൈ ഏഴു മുതൽ 11 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

...............................................

നാലാം സെമസ്റ്റർ ബിവോക്ക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂലൈ നാലിന് കളമശ്ശേരി സെന്റ് പോൾസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

...............................................

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട് , വൈവ വോസി പരീക്ഷകൾ ജൂൺ 25, 26 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1729/2025)

## <u>പ്രാക്ടിക്കൽ</u>

നാലാം സെമസ്റ്റർ ബിവോക്ക് പ്രിന്റിംഗ് ടെക്നോളജി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 25, 26 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

.........................................

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംഎച്ച്എം (സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 27ന് സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.........................................

പത്താം സെമസ്റ്റർ എംഎസ്സി ബേസിക്ക് സയൻസസ് കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 25 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

.........................................

രണ്ടാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (സിബിസിഎസ് 2023 അഡ്മിഷൻ ഇംപ്രൂവമെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ

റീഅപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് 2 പ്രാക്ടിക്കൽ പരീക്ഷ ജൂൺ 27ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1730/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**